# മൂന്നാർ: കയ്യേറുന്ന മലമടക്കുകൾ

കോനാട്ട് സത്യൻ

സമുദ്രനിരപ്പിൽ നിന്നും എണ്ണായിരം അടി ഉയരത്തിൽ മേഘരാജികളെ തൊട്ടുരുമ്മി നിൽക്കുന്ന വിനോദ സഞ്ചാരികളുടെ പറുദീസ - 'മൂന്നാർ'

മലമുകളിലെ കാട്ടാറുകളായ നല്ല തണ്ണിയാർ, മാട്ടുപ്പെട്ടിയാർ, കന്നിമല്യാർ എന്നിവ സംഗമിക്കുന്ന മൂന്നാർ തെക്കിന്റെ കാശ്മീരായാണ് അറിയപ്പെടുന്നത്.

കേരളക്കരയിൽ ആദ്യമായി വൈദ്യുതിയും ടെലിഫോണും, റെയിൽവേയും എത്തിയ, ബ്രിട്ടീഷ് ഭരണകാലം തൊട്ട് അനേകരെ ആകർഷിച്ചു പോരുന്ന പ്രകൃതിയുടെ ഈ വരദാനമിന്ന് പരിമിതികളുടെ വിഴുപ്പുഭാണ്ഡവുമായി വിലപിക്കുകയാണ്.

അന്ന് - ചെറുപാലത്തിന്റെ കൈവരിയിൽ മുതൽ പട്ടണവീഥികൾ വരെ എന്നും വെള്ളമൊഴിച്ച് കഴുകിയിരുന്നു.

ഇന്ന് - അനുദിനം കുമിഞ്ഞുകൂടുന്ന മാലിന്യക്കൂമ്പാരങ്ങളിൽ നിന്നുവരുന്ന മണം സഹിക്കാനാവാതെ സഞ്ചാരികൾ മൂക്കു പൊത്തുന്നു.


ചരിത്രരേഖകളിൽ ഈ പ്രദേശത്തെക്കുറിച്ച് പരാമർശം കാണാൻ കഴിയുന്നത് രണ്ട് നൂറ്റാണ്ടിന് അപ്പുറമാണ്.

1878 നവംബർ 26ന് തിരുവിതാംകൂർ മഹാരാജാവ് 227 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള കണ്ണൻദേവൻ മലകൾ മൂവായിരം രൂപ പാട്ടത്തിന് തിരുവിതാംകൂർ ഏലത്തോട്ടത്തിന്റെ സൂപ്രണ്ടായിരുന്ന ജോൺ ഡാനിയേൽ മൺറോ എന്ന ബ്രിട്ടീഷുകാരന് നൽകി. ഇതേ വർഷം തന്നെ മദ്രാസ് സിവിൽ സർവ്വീസിലെ എച്ച്. ഗ്രിവിൽ ടേർണറും, എ.ഡബ്ല്യു. ടേർണറും സഹ്യപർവ്വതനിരകൾ കടന്ന് ആന പോരുന്ന വഴിയിലൂടെ മൺറോ പാട്ടത്തിന് നേടിയ വനഭൂമിയിലെത്തി. ഇവർ മൺറോയുമായി ചേർന്ന് നോർത്ത് ട്രാവൻകൂർ ലാന്റ് പ്ലാനിംഗ് ആന്റ് അഗ്രികൾച്ചറൽ സൊസൈറ്റി സ്ഥാപിച്ചു

പാട്ടത്തിന് ലഭിച്ച കണ്ണൻദേവൻ മലകൾ ഈ സൊസൈറ്റിയുടെ കീഴിലായി.

സെവൻമല എന്ന ഗേറ്റിന്റെ ഭാഗമായ പാർവ്വതിയിലായിരുന്നു 1894ൽ തേയില ആദ്യമായി പ്ലാന്റ് ചെയ്തത്.

ഒരിക്കൽ നട്ടാൽ നൂറ്റാണ്ടുകൾ ഇലകൾ മാത്രം ശേഖരിച്ച് പണമുണ്ടാക്കാൻ കഴിയുന്ന തേയില കൃഷി മൂന്ന് വർഷത്തിനുള്ളിൽ 26 ഒന്നാംകിട തോട്ടങ്ങളായി വളർന്നു. ഒപ്പം തൊഴിലാളികൾ എത്തിയതോടെ തേയിലത്തോട്ടങ്ങളോടൊപ്പം മൂന്നാറും വളരുകയായിരുന്നു.



1908ൽ കമ്പനിയുടെ സ്വകാര്യ ടെലിഫോണെത്തിയത് വാർത്താ വിനിമയരംഗത്ത് ഒരു വലിയ മാറ്റമായിരുന്നു.1928ൽ മൂന്നാർ ഉദുമൻ പേട്ട റൂട്ടിൽ ബസ് സർവ്വീസ് ആരംഭിച്ചു. 3 വർഷത്തിനുശേഷം നേര്യമംഗലം മൂന്നാർ റോഡ് തുറന്നതോടെ മൂന്നാറിൽ കച്ചവടക്കാരും കാലുറപ്പിച്ചു

കേരളത്തിലെ ഏറ്റവും വലിയ ഗ്രാമപഞ്ചായത്തായ മൂന്നാർ - ടാറ്റാ ടീ കമ്പനി, മലയാളം പ്ലാന്റേഷൻ, തലയാർ കമ്പനി, റവന്യൂ ബോർഡ് എന്നിവരുടെ അധീനതയിലാണിന്ന്.

വികസനം വഴിമുട്ടി നിൽക്കുന്ന ഈ ഉല്ലാസത്തിന്റെ മേച്ചിൽപ്പുറമിന്ന് കയ്യേറ്റക്കാരുടെ പിടിയിലമർന്നുകൊണ്ടിരിക്കുന്നു.

സ്വകാര്യകമ്പനികൾക്ക് സർക്കാർ ഭൂമി കയ്യേറാൻ വനം വകുപ്പും, റവന്യൂ വകുപ്പും ഒരു പോലെ സഹായിക്കുമ്പോൾ കർഷകരുടെ കൈവശമുള്ള പട്ടയങ്ങൾക്കു മേൽ ഒറിജിനലോ, വ്യാജനോ എന്ന സംശയത്തിന്റെ കരിനിഴൽ വീഴ്ത്തിയിരിക്കുന്നു.

ഈ കാരണത്താൽ കർഷകർക്കും, കർഷകതൊഴിലാളികൾക്കും ബാങ്കുകൾ വായ്പ കൊടുക്കാൻ വിസമ്മതിക്കുന്നു. കടം കൊണ്ട് വീർപ്പുമുട്ടുന്നതിനാൽ ഭൂമി വിറ്റ് കഴിഞ്ഞു കൂടാമെന്ന കരുതിയാൽ ആധാരം ചെയ്യാനും വിലക്ക്. പിറന്ന മണ്ണിന്റെ അവകാശം പോലും ഇവിടത്തുകാർക്ക് ഇന്ന് അന്യമാണ്.

മൂന്നാറിന് 13 കി.മീറ്ററകലെ നീലക്കുറിഞ്ഞികൾ പൂക്കുന്ന രാജമലയിലും, വരയാടുകൾ മേയുന്ന ഇരവികുളം ദേശീയ ഉദ്യാനത്തിന്റെ അതിർത്തികളിലും വൻകിടക്കാർ സർക്കാർ ഭൂമി കയ്യേറുന്നു.

ഇവരുടെ കയ്യേറ്റം പുറം ലോകം അറിയാതിരിക്കാൻ വരയാടുകളുടെ പ്രജനനകാലമെന്ന് പറഞ്ഞ് ടൂറിസ്റ്റുകളെ വിലക്കുന്നു.

ഇന്ന് വനമായി കാണുന്ന സർക്കാർ ഭാഗങ്ങൾ നാളെ ടാറ്റാ ടീയുടെ തേയിലക്കാടായി മാറുമ്പോൾ മാധ്യമങ്ങൾ പോലും മൗനം പാലിക്കുന്നു.

അതെ- മൂന്നാർ മേഖലയിലുള്ള എല്ലാ കയ്യേറ്റങ്ങളും, പട്ടയങ്ങളും അനധികൃതമാണെന്ന് പറയുന്നതും, പറയിപ്പിക്കുന്നതും ചിലരെ കുടി ഒഴിപ്പിക്കുന്നതും മറ്റു ചിലരെ കുടി ഒഴിപ്പിക്കാത്തതും സർക്കാറിനെ നിയന്ത്രിക്കുന്ന വൻശക്തിയും അതിന് ഓശാന പാടുന്ന മാധ്യമങ്ങളുമാണെന്ന് വ്യക്തം.